
ദീപിക

04 February 2026



സിഎംഎഫ്ആർഐയിലെ മറൈൻ മെഗാഫോണ മ്യൂസിയത്തിൽ പ്രദർശനത്തിന് ഒരുക്കിയിരിക്കുന്ന ബ്രൈഡ്സ് ഇനത്തിൽപ്പെട്ട തിമിംഗലത്തിന്റെ 14 മീറ്റർ നീളമുള്ള അസ്ഥികൂടം.

## സിഎംഎഫ്ആർഐയിൽ

# വിസ്മയക്കാഴ്ചയായി കൂറ്റൻ തിമിംഗലത്തിന്റെ അസ്ഥികൂടം

**കൊച്ചി:** ആഴക്കടലിലെ വിസ്മയ കാഴ്ചകൾ കാട്ടിത്തരുന്നതായിരുന്നു ഇന്നലെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ഓപ്പൺ ഹൗസ് പ്രദർശനം.

മത്സ്യങ്ങൾ ഉൾപ്പെടെയുള്ള കടൽജീവികളുടെ ലൈവ് പ്രദർശനങ്ങളും ഇന്നേവരെ കണ്ടിട്ടില്ലാത്ത കാഴ്ചകളുമൊക്കെയുണ്ടായിരുന്നെങ്കിലും ഏറെ വിസ്മയിപ്പിച്ചത് ഭീമൻ തിമിംഗലത്തിന്റെ അസ്ഥികൂടമാണ്.

കടലിലെ ഭീമനായ ബ്രൈഡ്സ് ഇനത്തിൽപ്പെട്ട തിമിംഗലത്തിന്റെ 14 മീറ്റർ നീളമുള്ള അസ്ഥികൂടമാണ് മറൈൻ മെഗാഫോണ മ്യൂസിയത്തിൽ പ്രദർശനത്തിന് ഒരുക്കിയിരിക്കുന്നത്. 2023 ഒക്ടോബറിൽ കോഴിക്കോട് വെള്ളായ് കടൽത്തീരത്ത് അടിഞ്ഞതാണ് 455 ടൺ ഭാരമുള്ള ഈ തിമിംഗലം. വനംവകുപ്പിന്റെ നേതൃത്വത്തിൽ കടപ്പുറത്ത് തന്നെ തിമിംഗലത്തെ കുഴിച്ചിട്ടു. ഒരു വർഷത്തിന് ശേഷം, മതിയായ അനുമതികൾ വാങ്ങി സിഎംഎഫ്ആർഐ അസ്ഥികൂടം പുറത്തെടുത്തു.

അഴുകിയ മാംസവും മണ്ണും ചെളിയുമൊക്കെ വാട്ടർ പ്രഷർ പമ്പ് ഉപയോഗിച്ച് ആദ്യം നീക്കം ചെയ്തു. അസ്ഥികളൊക്കെ വേർപെട്ട നിലയിലായിരുന്നു. ഇവ ലോറിയിൽ കയറ്റി സിഎംഎഫ്ആർഐയിൽ എത്തിച്ചു. തുടർന്ന് അസ്ഥികൂടം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി എല്ലുകളിൽ അമോണിയയും ഹൈഡ്രജൻ ഫോസ്ഫറസും പൂശി. മാസങ്ങൾ എടുത്തുള്ളതായിരുന്നു ഈ പ്രവർത്തനങ്ങൾ. പിന്നീട് വൈൽഡ് ലൈഫ് ശില്പി ജിജി സാമിന്റെ നേതൃത്വത്തിൽ എല്ലുകൾ യഥാസ്ഥാനത്ത് ഘടിപ്പിച്ച് അസ്ഥികൂടത്തിന്റെ രൂപത്തിലെത്തിച്ചു.

സിഎംഎഫ്ആർഐയുടെ 79-ാമത് സ്ഥാപക ദിനാഘോഷത്തിന്റെ ഭാഗമായാണ് പൊതുജനങ്ങൾക്കായി പ്രദർശനം ഒരുക്കിയത്. ഭീമൻ കക്ക, തിമിംഗല സ്രാവ്, തിരണ്ടികൾ, വിവിധയിനം ചെമ്മീൻ, കൊഞ്ച്, കണവ, മുത്തുചിപ്പി, ചക്രവർത്തി മത്സ്യം തുടങ്ങി അപൂർവമായ ഒട്ടേറെ കടൽ ജീവികളുടെ ശേഖരം സന്ദർശകർക്ക് പുത്തൻ ദൃശ്യാനുഭവമായി. നാഷണൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയത്തിലെ സൺഫിഷ്, ഓർ ഫിഷ് എന്നിവ പ്രത്യേക ശ്രദ്ധ നേടി.

മാരിക്കൾച്ചർ സാങ്കേതികവിദ്യകൾ, പരമ്പരാഗത മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവയും പ്രദർശനത്തിലുണ്ടായിരുന്നു. സമുദ്ര പരിസ്ഥിതി നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും സുസ്ഥിര മത്സ്യബന്ധനത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തുന്ന പ്രദർശനങ്ങളുമുണ്ടായിരുന്നു.